EKM 311

# അർദ്ധവാർഷിക മൂല്യനിർണ്ണയം. 2011 -12

മലയാളം

ക്ലാസ് 10 കേരളപാഠാവലി. സ്കോർ 40

സമയം ഒന്നര മണിക്കൂർ

നിർദ്ദേശങ്ങൾ

1.ആദ്യത്തെ 15 മിനിട്ട് ( സമാശ്വാസ സമയം) ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കേണ്ടതാണ്. ആ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടില്ല.

2 സൂചനകളും നിർദ്ദേശങ്ങളും ശരിയായി മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.

ചോദ്യങ്ങൾ

1. അർത്ഥവ്യത്യാസം കുറിക്കുക.

ഉപ്പാന്റെ കിണർ നികത്തണം.
ഉപ്പാന്റെ കിണറും നികത്തണം.

രണ്ടാമത്തെ വാക്യത്തിൽ 'ഉം. ' ചേർത്തപ്പോഴുള്ള അർത്ഥവ്യത്യാസം കുറിക്കുക.

(സ്കോർ 2)

2.മാനസികഭാവങ്ങൾ വ്യക്തമാക്കുക

"ചിന്നക്കടയിൽ ഒരു ഹോട്ടലിന്റെ വാതിൽപ്പടിയിൽ രാമൻ എന്ന വാക്ക് പിച്ചാത്തിമുന കൊണ്ട് എഴുതപ്പെട്ടിരുന്നു. ആ പട്ടാളക്കാരൻ , ഹോട്ടലുടമസ്ഥൻ പോറ്റിയോടു പറഞ്ഞു. "
"അതു ഞാൻ വരച്ചതാണ്."

"ഒരു ഉരുളി, രണ്ടു ചെമ്പുകലം, മൂന്നാലു കട്ടിലുകൾ - ഇത്രയും അവൾ വാങ്ങി.
അതിൽ അവളുടെ പേരു വെട്ടിച്ചു."

സ്വന്തം പേരു കൊത്താൻ രണ്ടു കഥാപാത്രങ്ങളും നടത്തുന്ന ശ്രമത്തിൽ തെളിയുന്ന മാനസികഭാവങ്ങൾ വ്യക്തമാക്കുക. (സ്കോർ 4)

3.ലഘു ഉപന്യാസം തയ്യാറാക്കുക.

യുദ്ധത്തെക്കുറിച്ചെഴുതിയ മഹാകാവ്യങ്ങളെല്ലാം യുദ്ധവിരുദ്ധ കൃതികൾ കൂടിയാണ്.
ഗാന്ധാരീവിലാപം, അർജ്ജുനവിഷാദയോഗം എന്നീ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ലഘു ഉപന്യാസം തയ്യാറാക്കുക. (സ്കോർ 6)

4.കുറിപ്പ് തയ്യാറാക്കുക.

"പുത്രിക്ക് വരൻ മംഗല്യസൂത്രം ചാർത്തുന്ന മുഹൂർത്തത്തിൽ പിതാവിനുണ്ടാകുന്ന കൃതാർത്ഥത ആ കുടുംബശൂന്യനുണ്ടായി."
"ആ കിണർ ജനയിതാവിന്റെ മേൽ വെള്ളം തൂകി."

– ഈ കഥാസന്ദർഭങ്ങൾ പരിഗണിച്ച് ഉപ്പാനും കിണറും തമ്മിലുള്ള ബന്ധത്തിന്റെ സവിശേഷതകൾ കുറിക്കുക. (സ്കോർ 4)

5.അർത്ഥഭംഗി വിശദമാക്കുക.
"കിണർ അടിവരെ താഴ്ന്നതോടെ ഉളുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു."

'നെല്ലിപ്പലക കാണുക' എന്ന ശൈലി വാക്യത്തിനു നൽകുന്ന അർത്ഥഭംഗി വിശദമാക്കുക.

(സ്കോർ 4)

6. എഡിറ്റോറിയൽ തയ്യാറാക്കുക.

"വെട്ടുക, മുറിക്കുക, പങ്കുവെയ്ക്കുക

ഗ്രാമം, പത്തനം, ജനപദമൊക്കെയും

കൊന്നും തിന്നും വാഴുക

പുലികളായ് , സിംഹങ്ങളായ്

മർത്ത്യനാവുക മാത്രം വയ്യ

ജന്തുത ജയിക്കുന്നു.

.......................................

ശാന്തിതൻ സൗഗന്ധികം

തിരഞ്ഞു പോക നാം ഈ അശാന്തിപർവങ്ങളിൽ".

സ്കൂളിൽ തയ്യാറാക്കുന്ന യുദ്ധവിരുദ്ധ പതിപ്പിൽ ,ഒ. എൻ . വിയുടെ ഈ വരികളുടെ ആശയം പരിഗണിച്ചുകൊണ്ട് ഒരു എഡിറ്റോറിയൽ തയ്യാറാക്കുക. (സ്കോർ 6)

7.സമർത്ഥിക്കുക.
"ഉളുപ്പാന്റെ കിണറും നികത്തണം. നഗരസഭ തീരുമാനിച്ചു."

– നഗരസഭയുടെ ഈ തീരുമാനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ. ? ഇതുമായി ബന്ധപ്പെട്ടു നടക്കുന്ന സംവാദത്തിൽ നിങ്ങൾ ഉന്നയിക്കുന്ന വാദങ്ങൾ യുക്തിപൂർവ്വം സമർത്ഥിക്കുക.

(സ്കോർ 4)

8. ധ്വനി വ്യക്തമാക്കുക.
"പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി."
"ജീപ്പിൽ വന്നിറങ്ങുന്നു നഗരം വീണ്ടും."

– അടുത്തൂൺ.

– കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു. ?

(സ്കോർ 4)

9.വിശകലനക്കുറിപ്പ് തയ്യാറാക്കുക.
പ്രകാശപൂർണ്ണമായ വീക്ഷണമാണ് ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നത്.

– ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാധവിക്കുട്ടിയുടെ ' കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

( സ്കോർ 6)